**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 333** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പീപ്പിൾസ് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയ കോഴിക്കോട് പീപ്പിൾസ് റോഡ് നവീകരണത്തിനു തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (എ) | പീപ്പിൾസ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി 29.02.2024 തീയതിയിൽ ചേർന്ന കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിക്കുകയും ആയത് പ്രകാരം ജില്ലാ കളക്ടർ മുമ്പാകെ ഫോറം സമർപ്പിക്കുകയും ചെയ്തു. ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് പെഗ് മാർക്ക് ചെയ്ത അലൈൻമെന്റ് സ്കെച്ച്, അടങ്കൽ സ്കെച്ച് എന്നിവ ലഭ്യമാക്കണമെന്ന ജില്ലാ കളക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടൗൺ സർവ്വേയർക്ക് കത്ത് നൽകുകയും ടൗൺ സർവ്വേയർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ആയത് സംബന്ധിച്ച് കൂടുതൽ റവന്യൂ രേഖകൾ ആവശ്യമാണെന്ന് ടൗൺ സർവ്വേയർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ വാടകക്ക് ആർ.ടി.കെ. മെഷീൻ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് ടൗൺ സർവ്വേയർ കത്ത് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത സർവ്വേ നടപടികൾക്കായി നഗരസഭയുടെ പക്കലുള്ള സർവ്വെ കിറ്റുകൾ ഉപയോഗിക്കുന്നതിനായുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമുള്ള തുടർ നടപടികൾ നടന്ന് വരികയും ടൗൺ സർവ്വേയർ സർവ്വേ സ്കെച്ച് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | പീപ്പിൾസ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി 29.02.2024 തീയതിയിൽ ചേർന്ന കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിക്കുകയും ആയത് പ്രകാരം ജില്ലാ കളക്ടർ മുമ്പാകെ ഫോറം സമർപ്പിക്കുകയും ചെയ്തു. ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് പെഗ് മാർക്ക് ചെയ്ത അലൈൻമെന്റ് സ്കെച്ച്, അടങ്കൽ സ്കെച്ച് എന്നിവ ലഭ്യമാക്കണമെന്ന ജില്ലാ കളക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടൗൺ സർവ്വേയർക്ക് കത്ത് നൽകുകയും ടൗൺ സർവ്വേയർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ആയത് സംബന്ധിച്ച് കൂടുതൽ റവന്യൂ രേഖകൾ ആവശ്യമാണെന്ന് ടൗൺ സർവ്വേയർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ വാടകക്ക് ആർ.ടി.കെ. മെഷീൻ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് ടൗൺ സർവ്വേയർ കത്ത് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത സർവ്വേ നടപടികൾക്കായി നഗരസഭയുടെ പക്കലുള്ള സർവ്വെ കിറ്റുകൾ ഉപയോഗിക്കുന്നതിനായുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമുള്ള തുടർ നടപടികൾ നടന്ന് വരികയും ടൗൺ സർവ്വേയർ സർവ്വേ സ്കെച്ച് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ